പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3019 29-10-2026-ൽ മറുപടിയ്ക്ക്

പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണത്തിൽ കുറവ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. എം. വിജിൻ	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാലയങ്ങളിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഈ വർഷം കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ; പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

മറുപടി: പൊതുവിദ്യാലയങ്ങളിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഈ വർഷം ആകെ 1,31,364 കുട്ടികളുടെ കുറവുണ്ടായിട്ടുണ്ട്.

ഇതിന് പ്രധാന കാരണമായി വിലയിരുത്തുന്നത് പത്താം ക്ലാസ്സ് കഴിഞ്ഞ് പുറത്ത് പോകുന്ന കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഒന്നാം ക്ലാസ്സിൽ കുട്ടികൾ പ്രവേശനം നേടുന്നില്ല എന്നതാണ്. ജനന നിരക്കിൽ ഉണ്ടാകുന്ന കുറവാണ് ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകാൻ കാരണം.

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ അനുബന്ധമായി ചുവടെ ചേർത്തിരിക്കുന്നു.

(ബി) കൂടുതൽ വിദ്യാർത്ഥികളെ പൊതുവിദ്യാലയങ്ങളിലേക്ക് എത്തിക്കാനായി പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പദ്ധതികളുണ്ടോ; വിശദമാക്കാമോ?

മറുപടി: പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ബഹുമുഖമായ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. വിദ്യാഭ്യാസ മേഖലയാകെ ആധുനിക കാലത്തിനനുസരിച്ച് മാറ്റുന്നതിനുവേണ്ടി പ്രീ പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള പാഠ്യപദ്ധതിയുടെ പരിഷ്കരണം പൂർത്തിയായി

വരുന്നു. കുട്ടികൾക്ക് കൂടുതൽ ശേഷികൾ ആർജ്ജിക്കുന്നതിനായി കലാ-കായിക-തൊഴിൽ വിദ്യാഭ്യാസ മേഖലകളിൽ പ്രത്യേകം പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. പ്രീ പ്രൈമറി മേഖലയെ ശക്തിപ്പെടുത്തി പൊതുവിദ്യാഭ്യാസത്തെ മുന്നോട്ട് നയിക്കുന്നതിന് സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ 'വർണ്ണ കൂടാരം' പദ്ധതി നടപ്പിലാക്കിവരുന്നു. ഒന്നാം ക്ലാസിൽ ചേരുന്ന കുട്ടികൾക്കായി വിദ്യാപ്രവേശ് എന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഓരോ കുട്ടിയും നേടേണ്ട അടിസ്ഥാന സാക്ഷരതയും ഗണിതവും ഉറപ്പ് വരുത്തുന്നതിനായി Functional Literacy and Numeracy Programmes ഉം നടപ്പിലാക്കുന്നുണ്ട്. അതിനായി 1, 2 ക്ലാസുകളിൽ എല്ലാ കുട്ടികൾക്കും എല്ലാ വിഷയങ്ങൾക്കുമായി പ്രവർത്തന പുസ്തകങ്ങളും തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. കായിക മേഖലയിൽ 1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ 'ഹെൽത്തി കിഡ്സ്' പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. മിടുക്കരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി CM കിഡ്സ് സ്കോളർഷിപ്പ് പദ്ധതിയും ഗണിത, സാമൂഹ്യ ശാസ്ത്ര പ്രതിഭകൾക്കായി NuMATS, STEPS പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി അധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നു.

1. വേനൽകാല അധ്യാപക സംഗമങ്ങൾ
2. നവ അധ്യാപക സംഗമങ്ങൾ
3. സ്പെഷ്യൽ സ്കൂൾ അധ്യാപകരുടെ പരിശീലനങ്ങൾ
4. പ്രീപ്രൈമറി അധ്യാപകരുടെ പരിശീലനങ്ങൾ
5. ഐ.ടി. വിദ്യാഭ്യാസത്തിനായി കൈറ്റിന്റെ നേതൃത്വത്തിലും പ്രത്യേകം പരിശീലനങ്ങൾ സംഘടിപ്പിച്ചുവരുന്നു.
6. ഹയർ സെക്കൻഡറി അധ്യാപകർക്കായി HSSTTP എന്ന പേരിലും പരിശീലനം നൽകിവരുന്നു.

ഗുണനിലവാരം എപ്പോഴും അധ്യാപകരുടെ പ്രകടനത്തെ കൂടി ആശ്രയിച്ചാണിരിക്കുന്നത് എന്നതിനാൽ അധ്യാപകർക്കുള്ള പരിശീലനം പരിഷ്കരിച്ചു വരുന്നു.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്, സമഗ്രശിക്ഷാ കേരളം, കൈറ്റ് എന്നീ സ്ഥാപനങ്ങൾ വഴിയും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം ജില്ല തിരിച്ച്

ENROLLMENT OF STUDENTS IN KERALA (2026-27)			
DIST	**GOVT**	**AIDED**	**TOTAL**
TVM	115003	99898	214901
KLM	75696	108370	184066
PTA	17499	46545	64044
ALP	46265	91042	137307
KTM	19450	97502	116952
IDK	25315	52396	77711
EKM	43382	156251	199633
TSR	55857	196021	251878
PKD	104181	177180	281361
MPM	233813	430986	664799
KKD	95715	233301	329016
WYD	47920	45204	93124
KNR	68517	195745	264262
KSD	84396	67175	151571
TOTAL	**1033009**	**1997616**	**3030625**